ഉത്തരം

(എ) നാല്

(ബി) വിഴിഞ്ഞം–പൂവ്വാർ തീരപ്രദേശത്തെ യാത്രാ സൗകര്യം വർദ്ധിപ്പിക്കുന്നതിലേക്കായി 28–5–1986 മുതൽ പുല്ലുവിള കേന്ദ്രമാക്കി ഒരു ബസ്സ് സർവ്വീസ് തുടങ്ങിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളി സ്ത്രീകൾക്കായി കൂടുതൽ ബസ്സുകൾ

85 [93] ശ്രീ. വി. ദിനകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളുടെ സൗകര്യാർത്ഥം കൂടുതൽ ബസ്സുകൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയൊക്കെയാണ് ബസ്സ് നൽകാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അഞ്ചുതെങ്ങ്, കൊല്ലം, ചെറിയഴീക്കൽ, കാസർകോഡ് എന്നീ സ്ഥലങ്ങളിലാണ് പുതിയതായി ബസ്സുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നത്.

മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ ഉപകരണങ്ങൾ നഷ്ടപ്പെട്ടതിന് സഹായം

86 [94] ശ്രീ. എം.കെ. കേശവൻ:
,, വി.കെ. രാജൻ:
,, കെ.ടി. കണാരൻ:
,, കെ.ഇ. ഇസ്മയിൽ:
,, കെ.ടി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ ഉപകരണങ്ങൾ നഷ്ടപ്പെട്ടതിന് എന്തെല്ലാം സഹായങ്ങൾ നൽകിയിട്ടുണ്ട്;

(ബി) ഈ ഇനത്തിൽ എന്ത് തുക ചെലവായി;

(സി) ഇതിന്റെ ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) തൊഴിലുപകരണങ്ങളായ വള്ളം, കട്ടമരം, വല, വള്ളങ്ങളിൽ ഘടിപ്പിക്കുന്ന ഔട്ട് ബോർഡ് മോട്ടറുകൾ എന്നി

LIBRARY ARCHIVES Kerala Legislative Assembly

വയ്ക്ക് പൂർണ്ണമായോ ഭാഗികമായോ നാശനഷ്ടമോ കേടുപാടുകളോ സംഭവിച്ചാൽ പരമാവധി 500 രൂപവരെ ധനസഹായം നൽകി വരുന്നു.

(ബി) 184.805 ലക്ഷം രൂപ ചെലവായി.

(സി) 1984 ഒക്ടോബർ മാസംവരെ കേരള മത്സ്യത്തൊഴിലാളി ക്ഷേമ കോർപ്പറേഷൻവഴി ചെലവഴിച്ച 4.57 ലക്ഷം രൂപയുടെ ജില്ല തിരിച്ചുള്ള കണക്ക് ശേഖരിച്ചുവരുന്നു. 1984 നവംബർ മുതൽ മത്സ്യഫെഡ്വഴി ചെലവഴിച്ച 180.235 ലക്ഷം രൂപയുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെപ്പറയുന്നു:

തിരുവനന്തപുരം	38.1015 ലക്ഷം
കൊല്ലം	24.331 "
ആലപ്പുഴ	27.00 "
പത്തനംതിട്ട	1.20 "
കോട്ടയം	4.65 "
ഇടുക്കി	1.65 "
എറണാകുളം	36.00 "
തൃശ്ശൂർ	11.00 "
പാലക്കാട്	1.55 "
കോഴിക്കോട്	10.30 "
മലപ്പുറം	7.3025 "
കണ്ണൂർ	8.15 "
കാസർകോഡ്	9.00 "
ആകെ	180.235 "

കണ്ണൂർ ജില്ലയിൽ മുഴുപ്പിലങ്ങാട് ഫിഷറീസ് ഡിസ്പെൻസറി

87 [95] ശ്രീ. എ.കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ മുഴുപ്പിലങ്ങാട് ഒരു ഫിഷറീസ് ഡിസ്പെൻസറിയ്ക്ക് കെട്ടിടം നിർമ്മിച്ചിട്ടുണ്ടോ; പ്രസ്തുത ഡിസ്പെൻസറി ഇതേവരെ തുറന്നു പ്രവർത്തിച്ചിട്ടില്ലെന്നുള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഈ ഡിസ്പെൻസറി തുറന്ന് പ്രവർത്തിക്കാതിരിക്കാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(സി) ഈ ഡിസ്പെൻസറിയുടെ പ്രവർത്തനം എന്നേക്ക് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഡിസ്പെൻസറി കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായി എങ്കിലും വാട്ടർ സപ്ലൈ ജോലികളും പൂർത്തിയായിട്ടില്ല. ഈ ജോലികളും പൂർത്തിയാക്കിയതിനു ശേഷമേ ഹെൽത്ത് വകുപ്പു ഡിസ്പെൻസറി ഏറ്റെടുത്ത് ആവശ്യമായ സ്റ്റാഫിനെ നിയമിച്ച് പ്രവർത്തനം തുടങ്ങുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly